# നാരശിങ്കാമൃതം—നിർമ്മിതിയും പ്രയോഗവും

**ഡോ. ലാലു എസ്. കുറുപ്പ്**
അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, എൻ.എസ്.എസ്. കോളേജ്, നിലമേൽ.

മലയാളസാഹിത്യത്തിലെ സമ്പന്നമായ ഒരു കാവ്യശാഖയാണ് കിളിപ്പാട്ട്. ഇരുനൂറിനടുത്ത് സാഹിത്യകൃതികൾ കിളിപ്പാട്ട് ശൈലിയിൽ പിറവിയെടുത്തിട്ടുണ്ട്. ഇത്തരം രചനകളിൽ മുഖ്യമായും പുരാണേതിഹാസങ്ങൾ പുനരാഖ്യാനം ചെയ്തിരിക്കുന്നതായി കാണാം, ആധ്യാത്മികേതിരവിഷയങ്ങൾ പ്രതിപാദിക്കുന്നവയും വിരളമായിട്ടുണ്ട്. അക്കൂട്ടത്തിൽപ്പെടുന്ന ഒരു കൃതിയാണ് 'അഗസ്ത്യയോഗസാരം' കിളിപ്പാട്ട്. അച്ചടിമഷി ഇതുവരെ പുരണ്ടിട്ടില്ലാത്ത ഈ രചനയുടെ ഏക കൈയെഴുത്ത് പ്രതി കേരളസർവ്വകലാശാല ഹസ്തലിഖിത ഗ്രന്ഥാലയത്തിൽ സംരക്ഷിച്ചിരിക്കുന്നു. സിദ്ധവൈദപ്രകാരം ഉള്ള നാരശിങ്കാമൃതം എന്ന ഔഷധത്തിന്റെ നിർമ്മാണവും ഉപയോഗക്രമവും ആണ് പ്രസ്തുത കാവ്യത്തിന്റെ ഉള്ളടക്കം.

ബി.സി. 10,000-ത്തിനും ബി.സി.4000-ത്തിനും ഇടയിൽ ലമൂറിയ ഭൂഖണ്ഡത്തിൽ ഉദയംചെയ്ത ആരോഗ്യശാസ്ത്രമത്രെ സിദ്ധം. 'സിദ്ധിക്കേണ്ടത്', 'പൂർണ്ണത' എന്നീ അർഥങ്ങളുള്ള 'സിദ്ധ്' എന്ന ധാതുവിൽ നിന്നുമാണ് ഇതിന്റെ ഉല്പത്തി.തമിഴ്നാട്ടിലെ ആത്മീയാചാര്യന്മാരായ സിദ്ധന്മാർ പ്രദാനം ചെയ്തതാണ് ഇതിന്റെ ചികിത്സാക്രമങ്ങൾ. പ്രധാനമായും പതിനെട്ടു സിദ്ധന്മാർ ഉണ്ടായിരുന്നതായി പ്രാചീന തമിഴ് ഗ്രന്ഥങ്ങൾ തെളിവുനൽകുന്നു.[1]

സിദ്ധവൈദ്യത്തിന്റെ ഒന്നാംസംഘം രൂപീകരിച്ച അഗസ്ത്യരെ ആ സംഘത്തിലെ മറ്റു സിദ്ധൻമാർ തങ്ങളുടെ ഗുരുവായി വാഴിച്ചതായി

'മർമ്മസംഗ്രഹ ആദിത്യൻ'എന്ന തമിഴ് കൃതിയിൽ കാണുന്നു.[2] അഗസ്ത്യമുനി രചിച്ചതായി അനേകം മരുത്വഗ്രന്ഥങ്ങൾ തമിഴ് ഭാഷയിൽ ഉണ്ട്.അദ്ദേഹത്തിന്റെ 'ആദിനൂൽ'എന്ന വിശിഷ്ട ഗ്രന്ഥത്തിൽ,

'നവമണി മാന്തർക്കന്റ് നായകനേ മൈന്തർക്ക്
നവമണി ഉമയാൾ കെഞ്ചി ശങ്കരം ചെയ്യുവെന്റു
ശിവമണി പൊതികൈവാഴും ചെന്തിയിൽവാഴ് മുരുകൻ
ഗുരുമണി സിദ്ധവൈദ്യം കുറുവോം ആദിശിഷ്യൻ'[3]

എന്നിങ്ങനെ സിദ്ധവൈദ്യത്തിന്റെ ഉല്പത്തിയെക്കുറിച്ച് പറയുന്നുണ്ട്. സിദ്ധവൈദ്യഗ്രന്ഥങ്ങൾ എല്ലാം തമിഴ് ഭാഷയിലാണ് രചിച്ചിട്ടുള്ളത്. അഗസ്ത്യമുനിയാൽ വിരചിതമായ അകത്തിയർ 21,000 അകത്തിയർ ഗുണപാഠം,അകത്തിയർ പുളൈളത്തമിഴ് തുടങ്ങിയ കൃതികൾ അവയിൽ മുഖ്യസ്ഥാനം അലങ്കരിക്കുന്നു. അഗസ്ത്യർ വിവരിക്കുന്ന സിദ്ധൗഷധങ്ങളിൽ പ്രധാനപ്പെട്ടതും 'സന്നമാകും തമിഴു തന്നിൽ'പറഞ്ഞതുമായ 'നാരശിങ്കാരമൃത'ത്തെക്കുറിച്ച് 'ശങ്കവെടിഞ്ഞു ഭാഷയായി പറയുക'യാണ് 'അഗസ്ത്യയോഗസാരം കിളിപ്പാട്ടി'ൽ

ഗ്രന്ഥസ്വരൂപം

'വിഘ്നങ്ങളൊക്കയും നീക്കങ്ങൾ ചെയ്യുന്ന
വിഘ്നേശ്വര! മമ കാത്തുകൊണ്ടീടുക
അമ്മേ, സരസ്വതീ! വാണീഭഗവതിയെന്മൊഴി
ശോഭിതമാക്കി വയ്ക്കേണമേ.
എന്നുടെ ദേശികന്മാരുടെ പാദങ്ങളൊ-
ന്നൊഴിയാതെ വണങ്ങുന്നിതെപ്പോഴും'

എന്നിങ്ങനെ കാവ്യം ആരംഭിക്കുന്നു.തുടർന്ന് കവി,

'മുന്നം മഹത്തുക്കൾ പാരം വിചാരിച്ചു
സന്നമാകും തമിഴുതന്നിൽ പറഞ്ഞതു
കേരള ഭാഷയിലാക്കി ചമയ്ക്കുവാൻ'കിളിപ്പൈതലിനെ ക്ഷണിക്കുന്നു.

തത്സമയം അവിടെയെത്തുന്ന തത്ത, 'നാരീനരന്മാർക്കു യൗവനമേകുവാൻ' 'കുംഭോത്ഭവൻ പണ്ടു ചെന്നോരമൃതത്തെ'ക്കുറിച്ച് ചൊല്ലാൻ തുടങ്ങുന്നു. തൊണ്ണൂറ്റിനാല് ഈരടികളുള്ള പ്രസ്തുതകാവ്യം ശാരികത്തരുണി രണ്ടുനാൾകൊണ്ടു പാടിക്കൊടുക്കുന്നതയാണ് സംവിധാനം ചെയ്തിരിക്കുന്നത്. ദ്വിതീയാക്ഷരപ്രാസം ആദ്യവസാനം ദീക്ഷിക്കുന്ന കവി കാകളീവൃത്തവ്യവസ്ഥ പരമാവധി പാലിക്കുന്നതിലും വിജയിച്ചിട്ടുണ്ട്.

'അഗസ്ത്യയോഗസാരം കിളിപ്പാട്ടി'ന്റെ ഒരു കടലാസു പകർപ്പ് കേരള സർവ്വകലാശാല ഹസ്തലിഖിതഗ്രന്ഥശാലയിൽ ടി 987- ാം നമ്പറായി സംരക്ഷിച്ചിരിക്കുന്നു.[4]

കൃതിയുടെ ആദ്യഭാഗത്ത് ഔഷധനിർമിതിക്കുവേണ്ട ചേരുവകളെക്കുറിച്ചും അവ ശുദ്ധിചെയ്യേടുക്കേണ്ട മാർഗങ്ങളെക്കുറിച്ചും ചേരുവകളുടെ അളവുകളെക്കുറിച്ചും ആണ് പ്രതിപാദിക്കുന്നത്. തുടർന്ന് മരുന്നു കഴിക്കേണ്ടവിധം, ഔഷധത്തിന്റെ പ്രത്യേകത എന്നിവ വർണ്യവിഷയമാകുന്നു. കാവ്യത്തിന്റെ അവസാനഭാഗം മനുഷ്യരാശിക്കു വന്നുചേരുന്ന വിവിധതരം രോഗങ്ങളെക്കുറിച്ചും നാരശിങ്കാമൃതസേവയാൽ അവ എപ്രകാരം ഭേദമാകും എന്നതിനെക്കുറിച്ചും വ്യക്തമാക്കുന്നു. കർത്തൃസൂചന കാവ്യാന്തർഗതമായ തെളിവുകളിൽനിന്നും ലഭ്യമല്ലാത്ത പ്രസ്തുത കൃതിയിലെ വൈദ്യശാസ്ത്രപരമായ വർണ്ണനകൾ അവലോകനം ചെയ്യുവാനാണ് ഇവിടെ ഉദ്യമിക്കുന്നത്.

ചേരുവകൾ

നാരശിങ്കാമൃതത്തിന്റെ നിർമ്മിതിക്കുവേണ്ട ചേരുവകളെക്കുറിച്ച് 'അഗസ്ത്യയോഗസാര'ത്തിന്റെ ഈരടി നമ്പർ പതിനാറ് മുതൽ ഇരുപത്തിയഞ്ച് വരെയുള്ള ഭാഗങ്ങളിലായി പ്രതിപാദിച്ചിരിക്കുന്നു. ശതാവരിക്കിഴങ്ങ്, എള്ള്, ഞെരിഞ്ഞിൽ, വാരാഹിമൂലം, അമൃതവള്ളി, മുരുക്കിൻകന്ദം, ഉമ്മത്തിൻവിത്ത്, വന്നിക്കിഴങ്ങ്, തിന, മുക്കുട്[5], പഞ്ചസാരപ്പൊടി, നെയ്യ്, തേൻ, ശർക്കര എന്നിവയാണ് ഈ ലേഹ്യത്തിന്റെ നിർമ്മിതിയ്ക്കായി നിർദ്ദേശിക്കുന്നത്. ഇവ ചേർക്കേണ്ട വിധവും അളവും ഇതോടൊപ്പം അദ്ദേഹം പറയുന്നുണ്ട്.

ലേഹ്യം തയ്യാറാക്കുന്ന വിധം

ശതാവരിക്കിഴങ്ങ്, ഞെരിഞ്ഞിൽ, വന്നിക്കിഴങ്ങ് എന്നിവ വെവ്വേറെയായി കഴുകി അരിഞ്ഞെടുത്ത് ചൂർണമാക്കണം. എല്ലാം തുല്യ അളവിലാണ് വേണ്ടത്. വാരാഹിമൂലം, അമൃതവള്ളി, മുരിക്കിൻ കന്ദം, ഉമ്മത്തിൻവിത്ത് എന്നിവ പത്തുപലം[6] വീതമെടുത്ത് പ്രത്യേകം പ്രത്യേകം ചൂർണമാക്കി മാറ്റണം. തിന, മുക്കുട് എന്നിവയും ഇതുപോലെ തയ്യാറാക്കണം. ഇതിനുപുറമെ എഴുപതുപലം പഞ്ചസാര പൊടിച്ചത്, പതിനേഴര പലം നെയ്യ്, മുപ്പത്തിയഞ്ച് പലം തേൻ എന്നിവയും കരുതണം. ചേരുവകൾ എല്ലാം കൂടി ഒരു മൺകലത്തിൽ നിക്ഷേപിച്ച് നന്നായി ഇളക്കി യോജിപ്പിക്കണം. അതിനുശേഷം വായു ലേശവും കടക്കാത്തവിധം

ഘടത്തിന്റെ വായ് മൂടിക്കെട്ടണം. തുടർന്ന് ഈ പാത്രം നെല്ലിൽ പൂത ച്ച് മുപ്പതു ദിവസം വയ്ക്കേണ്ടതാണ്.

ഔഷധം സേവിക്കേണ്ട വിധം

'അഗസ്ത്യ യോഗസാര'ത്തിലെ മുപ്പത്, മുപ്പത്തൊന്ന് ഈരടികളി ലായി നാരശിങ്കാമൃതം സേവിക്കേണ്ട അളവും കാലവും വ്യക്തമാക്കി യിരിക്കുന്നു.

'പന്നഗ ഭൂഷണ പാദങ്ങൾ കൂപ്പീട്ടു
അന്നന്നരപ്പലമാശു ഭുജിക്കണം
വാസരം മുപ്പതു സേവചെയ്തീടുകിൽ
വാസവതുല്യനാമെന്നേ പറയാവൂ.'[7]

എന്നിങ്ങനെ ലേഹ്യം സേവിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പറ യുന്നുണ്ടെങ്കിലും മരുന്നു കഴിക്കേണ്ട സമയം ഇതിൽ രേഖപ്പെടുത്തി കാണുന്നില്ല.

പഥ്യം

മരുന്നുകളുടെ പ്രവർത്തനഗുണം വീര്യപ്പെടുത്താനും രോഗശമനം ത്വരിതപ്പെടുത്താനും പഥ്യം പാലിക്കേണ്ടത് അത്യാവശ്യമാണ്. ശരി യായ ഭക്ഷണ ക്രമീകരണത്തിലൂടെ മാത്രമോ, ഭക്ഷണ ക്രമീകരണവും ഔഷധചികിത്സയും കൊണ്ടോ ധാരാളം അസുഖങ്ങൾ ഭേദപ്പെടുത്താൻ കഴിയും. ചികിത്സാസമയത്തും അതിനു മുമ്പും ശേഷവും ഭക്ഷണക്രമീ കരണം പാലിക്കേണ്ടതാണ്. എന്നാൽ 'നാരശിങ്കാമൃതം' എന്ന ഈ ലേഹ്യം സേവിക്കുന്നവർക്ക് 'പഥ്യമേതുമില്ല' എന്ന് പ്രത്യേകം പറയു ന്നുണ്ട്. എന്നിരിക്കിലും,

'ശക്തിയാം ബാലയെ നിത്യവും പൂജിച്ചു
ശക്തിധരനെയുമവ്വണ്ണം സേവിതം
രാഗാദി വർഗങ്ങൾ ദൂരെക്കളയണ -
മാഗമസാരവിചാരങ്ങളാകണം.'[8]

എന്ന് ഓർമ്മിപ്പിക്കുന്നത് ശ്രദ്ധേയമാണ്. ആഹാരകാര്യത്തിലും പറ യത്തക്ക പഥ്യം നോക്കേണ്ട എന്നിരിക്കിലും രാഗാദിദോഷങ്ങൾ വെ ടിഞ്ഞ് ഭക്തിമയമായ തെളിഞ്ഞമനസ്സ് രോഗിക്ക് അവശ്യം ഉണ്ടായി രിക്കണമെന്ന് സാരം.

രോഗവിവരണം

നാരശിങ്കാമൃത സേവയാൽ മനുഷ്യശരീരത്തിൽ ഉണ്ടാകുന്ന അസുഖങ്ങളെല്ലാം ഭേദമാകുമത്രെ.

'ദേഹവ്യാധി എല്ലാം പോയി
വാതപിത്ത ശ്ലേഷ്മന്താനും ഭേദമില്ലാതാകും'[9]

എന്ന് ആമുഖമായി പറയുന്ന വൈദ്യർ, കുഷ്ഠം, വെള്ളപ്പാണ്ട്, പറങ്കിപ്പുണ്ണ്, എന്നിവയെല്ലാം ഈ ലേഹ്യം അകറ്റുമെന്ന് തീർത്തുപറയുന്നു. മാത്രമല്ല,

'ദൂരയങ്ങു മണ്ടും മങ്ങും ക്രൂരവ്രണമെല്ലാം
രാജനാകും രാജയക്ഷ്മാ രാശിവച്ചൊളിക്കും
ശ്വാസകാസമെന്നതെല്ലാം ലേശമില്ലാതാകും
വീർപ്പുമുട്ടൽ കക്കൽ വിക്കൽ ആർത്തിപൂണ്ടങ്ങോട്ടും'[10]

എന്നിങ്ങനെ ഉറപ്പും വൈദ്യൻ നൽകുന്നുണ്ട്. ഇതിനുപുറമെ തലവേദന, കണ്ണുനോവ്, നാവിലുള്ള വ്യാധി, പീനസം, പല്ലുനോവ് എന്നിവയെല്ലാം അകറ്റി 'വാട്ടമായ ദേഹമെല്ലാം പുഷ്ടിയായിത്തേറുവാൻ' കൈക്കൊണ്ട ഔഷധമാണത്രെ ഈ ലേഹ്യം.

തുമ്മൽ, ശൂലരോഗം, വലുവ്, വയറുവേദന, സന്നി, വായുകോപം, നീരിറക്കം, മൂത്രംപോക്ക്, പിത്തക്കുറ് എന്നിവയും ഈ ഔഷധം ശമിപ്പിക്കും.

'ഇഷ്ടമോടു രണ്ടുനേരം
പുഷ്ടമോദാൽ കൊണ്ടാൽ
യോനിലിംഗം തന്നിലൂനമാകും വ്യാധി
കാണിപോലും വൈകിടാതെ നാണമറ്റങ്ങോട്ടും'[11]

എന്നീ വരികളിൽനിന്നും യോനി, ലിംഗം എന്നിവയിലുള്ള വ്യാധികൾ മാറുവാൻ കേവലം രണ്ടുനേരം ഈ ലേഹ്യം സേവിച്ചാൽ മതിയാകുമെന്ന് മനസ്സിലാക്കാം. അനപത്യതാ ദുഃഖത്താൽ വലയുന്ന ദമ്പതിമാരോട് പ്രസ്തുത ലേഹ്യം കഴിച്ചാൽ,

'പൂക്കാത്തനാരിമാർ പൂത്തുകായ്ക്കും തുലോം' എന്നാശ്വസിപ്പിക്കാനും വൈദ്യൻ മറക്കുന്നില്ല.

ഉപസംഹാരം

ആധുനികലോകത്തെ സങ്കീർണമായ രോഗങ്ങൾ സുഖപ്പെടുത്താൻ പാരമ്പര്യ ചികിത്സാരീതികൾക്ക് കഴിയുന്നു എന്നതും പാർശ്വഫലങ്ങൾ

ഇല്ല എന്നതും ഇത്തരം ചികിത്സകളുടെ പ്രശസ്തി യ്ക്കും പ്രസക്തിക്കും നിദാനങ്ങളാണ്. ആൺപെൺ ഭേദമന്യേ ആരോഗ്യവും കാന്തിയും വീണ്ടെടുത്ത് അവരിൽ യുവത്വത്തിന്റെ പ്രസരിപ്പ് പകരുന്ന നാരശിങ്കാമൃതത്തിന്റെ പ്രസക്തിക്കുള്ള കാരണവും മറ്റൊന്നല്ല.

കുറിപ്പുകൾ

1. അജ്ഞാതകർത്ത്യകമായ ' മരുത്തുവ വാത യോഗ ജ്ഞാനഷാസ്ത്ര'ത്തിൽ 'ആദികാലത്തിലേ തില്ലെയിൽ തിരുമൂലർ അഴകർമലൈ രാമദേവർ/അനന്തഷയനം കുംഭമുനി തിരുപ്പതി കൊങ്കണവർ /കമലമുനിയാരൂർ ചോതിരംഗം ചട്ടെമുനി/കരുവൈ കരുവൂരാർ സുന്ദരാനന്തർ കൂടൽ/ചൊല്ലമെട്ടുക്കുടിയിൽ വാൽമീകരോട്ടു നറ്റൊൽകാശിയിൽ നന്ദിതദേവർ/പാതിയരി ചങ്കരൻകോവിൽ പാമ്പാട്ടി പവനി മലൈയിൽ മച്ചമുനി പേരൂർ കോരക്കർ/പതഞ്ജലി രാമേശ്വരം ചോതി വൈദീശ്വരൻ കോവിൽ ധന്വന്തരി/തികഴ് മയൂരം കുദംബൈസിത്തരുണൈയോരിടൈക്കാടർ സമാധിയിൽ/സേർന്തനരമൈകാക്കവേ' എന്നിങ്ങനെ പതിനെട്ട് സിദ്ധരെയും അവരുടെ സമാധിസ്ഥലങ്ങളെയും പറ്റി പരാമർശിക്കുന്നുണ്ട്.
2. (പാരമ്പര്യ സിദ്ധവൈദ്യവിജ്ഞാനകോശം ഒന്നാം വാല്യത്തിൽ (പുറം 8) ഉദ്ധരിച്ചിരിക്കുന്ന വരികൾ) എന്നാൽ ഇതിൽ നിന്നു വ്യത്യസ്തമായി കോടിക്കണക്കിന് സിദ്ധൻമാർ ഉണ്ടായിരുന്നതായി 'രസവാദനൂൽ സിദ്ധർമയം', 'ജ്ഞാന വെട്ടിയാൻ 1500' തുടങ്ങിയ കതികളിൽ പരാമർശിച്ചു കാണുന്നു. പാരമ്പര്യ സിദ്ധവിജ്ഞാനകോശം ഒന്നാം വാല്യത്തിൽ ഇപ്രകാരം കാണുന്നു. (പുറം - 13,14).
3. ആശയം ആദിവേദപ്പൊരുളായ ശ്രീപരമേശ്വരൻ ശക്തി സ്വരൂപിണിയായ പാർവതീദേവിക്ക് സിദ്ധവൈദ്യസൂക്തങ്ങൾ ഉപദേശിച്ചു. മുരുക ഭഗവാൻ തന്റെ ശിഷ്യനായ അഗസ്ത്യ മഹർഷിക്ക് ആ സൂക്തങ്ങൾ പകർന്നു നൽകി. അങ്ങനെ പാരമ്പര്യമായി ലഭിച്ചതാണ് സിദ്ധവൈദ്യം.
4. കേരളസർവകലാശാല ഹസ്തലിഖിത ഗ്രന്ഥാലയത്തിൽ ഗ്രന്ഥം നമ്പർ 2084 ആയി 'അഗസ്ത്യയോഗസാര'ത്തിന്റെ കടലാസ്പകർപ്പ് സംരക്ഷിച്ചിരിക്കുന്നു. പത്ത് പുറങ്ങളിലായി തൊണ്ണൂറ്റിനാല് ഈരടികൾ ഉൾക്കൊള്ളുന്ന പ്രസ്തുത രചനയുടെ കർത്താവ് നാരായണൻ രാമൻപിള്ളയാണെന്ന് ഗ്രന്ഥാരംഭത്തിൽ രേഖപ്പെടുത്തിക്കാണുന്നു.
5. മുക്കടു - ചുക്ക്, മുളക്, തിപ്പലി ഇവ മൂന്നിനെയും ചേർത്ത് പറയുന്നത്.
6. പലം - ഇരുപത്തൊന്ന് കഴഞ്ച് കൂടിയ തൂക്കം (ഒരു കഴഞ്ച്= പത്ത് പണമിട, ഒരു പണമിട = നാല് കുന്നിക്കുരുവിന്റെ തൂക്കം)
7. അഗസ്ത്യയോഗസാരം, കടലാസ് പകർപ്പ് ഗ്രന്ഥം നമ്പർ 2084, പുറം - 4.
8. അതേ ഗ്രന്ഥം, പുറം -10
9. അതേ ഗ്രന്ഥം, പുറം -5

10. അതേ ഗ്രന്ഥം, പുറം -6
11. അതേ ഗ്രന്ഥം, പുറം -7

## ഗ്രന്ഥസൂചി

14. അഗസ്ത്യയോഗസാരം കിളിപ്പാട്ട് (ഗ്രന്ഥ നമ്പർ-ടി 987), തിരുവനന്തപുരം: കേരളസർവ്വകലാശാല ഹസ്ത ലിഖിത ഗ്രന്ഥശാല.
15. ഒരു കൂട്ടം ഡോക്ടർമാർ, ആയുരാരോഗ്യസൗഖ്യം, കോട്ടയം: ഭാരത് ബുക്സ്, 2004
16. ക്രിസ്റ്റൽ ആശാൻ.പി ഉണ്ടത്തിൽ പാരമ്പര്യ സിദ്ധവൈദ്യവിജ്ഞാന കോശം, വർക്കല: എൻ.വി.വി എൻ ട്രസ്റ്റ്, 2007.